# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.753** — **11.07.2016 ൽ മറുപടിക്ക്**

**കൊട്ടാരക്കര മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി.പി.അയിഷാ പോറ്റി** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | കൊട്ടാരക്കരയിലെ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം ആരംഭിച്ചത് എന്നാണ്; ആരംഭ സമയത്ത് അടങ്കൽ തുക എത്രയായിരുന്നു; | (എ) | കൊട്ടാരക്കരയിലെ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം 14.02.2012 ൽ ആരംഭിച്ചു. അടങ്കൽ തുക 9,41,46,041/- രൂപയാണ്. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവൃത്തി തടസ്സപ്പെട്ടിട്ട് എത്ര നാളായി; | (ബി) | പ്രസ്തുത നിർമ്മാണം 14.08.2014 മുതൽ തടസ്സപ്പെട്ടു കിടക്കുകയാണ്. |
| (സി) | നിർമ്മാണം സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ എത്ര കേസുകൾ ഉണ്ട്; പ്രസ്തുത കേസുകൾ തീർപ്പാക്കാൻ പൊതുമരാമത്ത് വകുപ്പ് അടിയന്തര നടപടികൾ സ്വീകരിക്കുമോ; | (സി) | നിർമ്മാണം സംബന്ധിച്ച് ഒരു കേസ് നിലവിലുണ്ട്. പ്രസ്തുത കേസ് തീർപ്പാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത കേസുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഡി) | പ്രസ്തുത പ്രവൃത്തിയുടെ കോൺട്രാക്ടർ ഫയൽ ചെയ്ത ഡബ്ല്യു.പി.(സി)19084/15 എന്ന റിട്ട് പെറ്റീഷൻ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലിരിക്കവേയാണ് 23.11.2015 ലെ സി.ഇ./ബി.എൽ/കെ.എൽ.എം/7627/06 എന്ന കത്ത് പ്രകാരം കോൺട്രാക്ടർക്ക് നോട്ടീസ് നൽകിയത്. പ്രസ്തുത നോട്ടീസിനെതിരെ കോൺട്രാക്ടർ വീണ്ടും |

ഡബ്ല്യു.പി.(സി)39354/15(റ്റി) എന്ന റിട്ട് പെറ്റീഷൻ ഫയൽ ചെയ്തു. പ്രസ്തുത റിട്ട് പെറ്റീഷനിൻമേൽ, പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ നോട്ടീസിൻമേലുള്ള അനന്തര നടപടികൾ 27.06.2016 വരെ സ്റ്റേ ചെയ്തുകൊണ്ട് കോടതി ഉത്തരവായി.

ഡബ്ല്യു.പി.(സി)19084/15 ൻ മേലുള്ള ബഹു.ഹൈക്കോടതിയുടെ ഉത്തരവ് അനുസരിച്ച്, 16.03.2016 ലെ സ.ഉ.(സാധാ) നം.670/2016/പി.ഡബ്ല്യു.ഡി പ്രകാരം ഉയർന്ന റേറ്റിനു വേണ്ടിയുള്ള കോൺട്രാക്ടറുടെ അപേക്ഷ നിരസിച്ചു കൊണ്ട് ഉത്തരവായി. 27.06.16 ൽ സ്റ്റേ കാലാവധി അവസാനിച്ച സാഹചര്യത്തിൽ ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കോൺട്രാക്ടർക്ക് നിർദ്ദേശം നൽകുന്നതും അല്ലാത്തപക്ഷം ടിയാളെ റിസ്ക് ആന്റ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യുന്നതിനുള്ള ഫൈനൽ നോട്ടീസ് നൽകുന്നതുമാണ്. ദക്ഷിണമേഖലാ കെട്ടിട വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് ഇതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**